# നാം നമ്മോട് ചോദിക്കേണ്ട ചോദ്യങ്ങൾ


താജ് ആലുവ

**സംതൃപ്തമായ** കുടുംബ ജീവിതത്തിന് വേണ്ട ധാരാളം പ്രായോഗിക നിർദേശങ്ങൾ പരിശുദ്ധ ഖുർആനും നബിതിരുമേനിയും നമുക്ക് നൽകിയിട്ടുണ്ട്. ജീവിക്കാനും ജീവിപ്പിക്കാനുമുള്ള തിരക്കിനിടയിൽ നാം മറന്നുപോയേക്കാവുന്ന ഇത്തരം നിർദേശങ്ങളിൽ ചിലത് ചോദ്യരൂപത്തിൽ താഴെ കൊടുക്കുന്നു. ഇത് ഇടക്കിടെ നമ്മോടു തന്നെ ചോദിക്കാൻ ധൈര്യപ്പെടുക. തീർച്ചയായും സംതൃപ്തവും സമാധാനപൂർണവുമായ ഒരു കുടുംബജീവിതത്തിന് ഇവ ഉപകാരപ്പെടും.

### മാതാപിതാക്കളോടുള്ള പെരുമാറ്റം

- അല്ലാഹുവിനുള്ള അനുസരണത്തിനും വിധേയത്വത്തിനും ശേഷം അവൻ കൽപിച്ചിട്ടുള്ള മാതാപിതാക്കളോടുള്ള നന്മനിറഞ്ഞ പെരുമാറ്റത്തിന് താങ്കൾ എത്രമാത്രം പ്രാധാന്യം കൽപിച്ചിട്ടുണ്ട്?

- നിന്റെ സ്വർഗവും നിന്റെ നരകവും മാതാപിതാക്കളാണെന്ന് പറഞ്ഞ പ്രവാചകന്റെ വചനം താങ്കൾ ശ്രദ്ധിച്ചിട്ടുണ്ടോ?



- മാതാവിനേക്കാൾ ഭാര്യക്ക് പ്രാധാന്യം കൽപിച്ചതിന്റെ പേരിൽ മരണ സമയത്ത് ദൈവസാക്ഷ്യ വചനം (ശഹാദത്ത് കലിമ) ഉരിയാടാൻ കഴിയാതെ പോയ അൽഖമ(റ)യെ താങ്കൾ കേട്ടിട്ടുണ്ടോ?

- ഏറ്റവും നല്ല സഹവാസത്തിന് അർഹയായിട്ടുള്ളതെന്ന് മൂന്ന് പ്രാവശ്യം പ്രവാചകൻ(സ) വിശേഷിപ്പിച്ച മാതാവിനോടുള്ള താങ്കളുടെ പെരുമാറ്റം തൃപ്തികരമാണോ?

- ക്ലേശത്തോടു കൂടി ഗർഭംചുമന്ന്, ക്ലേശത്തോടു കൂടി പ്രസവിച്ച്, രണ്ടു വർഷം മുലയൂട്ടി പോറ്റിവളർത്തിയ മാതാവിനോടും, രാവെന്നോ പകലെന്നോ ഭേദമില്ലാതെ നിനക്കു വേണ്ടി അധ്വാനിച്ച പിതാവിനോടും നല്ലനിലയിൽ പെരുമാറണമെന്ന ഖുർആനിക അധ്യാപനം താങ്കളുടെ ജീവിതത്തിൽ എത്രമാത്രം പ്രാവർത്തികമാക്കിയിട്ടുണ്ട്?

- താങ്കൾക്ക് പ്രായമായ മാതാപിതാക്കളുണ്ടോ? അവരോട് വെറുപ്പിന്റെ ലാഞ്ഛന പോലും പാടില്ലെന്നും അവർ നിന്നോട് ക്രൂരത ചെയ്താലും 'ഛെ' എന്നു പോലും പറയരുതെന്നുമുള്ള അല്ലാഹുവിന്റെയും പ്രവാചകന്റെയും കൽപനകൾ ഓർമയുണ്ടോ?

- മാതാപിതാക്കളെ ശപിക്കലും ചീത്ത പറയലും വൻപാപമാണെന്ന പ്രവാചകവചനം ഓർക്കുന്നുണ്ടോ താങ്കൾ?

- മാതാപിതാക്കളിൽനിന്ന് അകന്നു നിൽക്കുമ്പോൾ ഫോൺവഴിയും മറ്റും അവരുടെ വിവരങ്ങളന്വേഷിക്കുന്നതിനും ആവശ്യങ്ങൾ നിവർത്തിക്കുന്നതിനും മുതിരാറുണ്ടോ താങ്കൾ?

- താങ്കൾ വിദേശത്താണെങ്കിൽ നാട്ടിലുള്ള ഭാര്യയും മക്കളുമായും ധാരാളം സല്ലപിക്കാൻ സമയം കാണുമ്പോൾ മാതാപിതാക്കളെ അന്വേഷിക്കാനും അവരോട് സംസാരിക്കാനും തയാറാകാറുണ്ടോ?

### ഭാര്യയോടുള്ള പെരുമാറ്റം

-സഹധർമിണിയോട് മര്യാദയുടെ പരിധിവിട്ട് പെരുമാറുന്ന ആളാണോ താങ്കൾ? എങ്കിൽ നിങ്ങളിലേറ്റവും ഉത്തമൻ തങ്ങളുടെ സ്ത്രീകളോട് ഏറ്റവും നന്നായി പെരുമാറുന്നവനാണെന്ന പ്രവാചകവചനം ശ്രവിക്കുക. 'മാന്യനല്ലാതെ അവരെ മാനിക്കുകയില്ല, നീചനല്ലാതെ അവരെ നിന്ദിക്കുകയില്ലെ'ന്ന നബിവചനവും ഓർക്കുക.

- കുടുംബത്തിനുള്ള ആഹാര സമ്പാദനവും മറ്റു ചെലവുകൾ കണ്ടെത്തലും താങ്കൾക്ക് പ്രയാസകരമായി അനുഭവപ്പെടുന്നുണ്ടോ? എങ്കിൽ, സഹധർമിണിയുടെ വായിൽ വെച്ചുകൊടുക്കുന്ന അഹാരം പോലും ധർമമാണെന്നും ദൈവത്തിന്റെ പ്രതിഫലം കാംക്ഷിച്ച് കുടുംബത്തിന് ചെലവഴിക്കുന്നുവെങ്കിൽ അത് ദാനമായി പരിഗണി



ക്കുമെന്നുമുള്ള നബിവചനങ്ങൾ ഓർക്കുക.

- താങ്കൾ നിസ്സാര കാര്യങ്ങളുടെ പേരിൽ ഭാര്യയുമായി അകലാറുണ്ടോ? എങ്കിൽ "അവരോട് നല്ല നിലയിൽ വർത്തിക്കുക. അഥവാ നിങ്ങൾക്ക് അവരോട് അനിഷ്ടം തോന്നുന്നുവെങ്കിൽ, നിങ്ങൾ വെറുക്കുന്ന കാര്യത്തിൽ അല്ലാഹു നിരവധി നന്മ നിശ്ചയിച്ചുവെച്ചിരിക്കാം' എന്ന ഖുർആനിക വചനങ്ങൾ ഓർക്കുക.

- ദാമ്പത്യജീവിതത്തിൽ എപ്പോഴും പ്രയാസങ്ങളും വെല്ലുവിളികളും നേരിടുന്ന ആളാണോ താങ്കൾ? എങ്കിൽ സ്നേഹവും കാരുണ്യവുമാണ് ദാമ്പത്യജീവിതത്തിന്റെ അടിസ്ഥാനമെന്ന ഖുർആനിക പാഠം ശ്രദ്ധിക്കുക.

- സഹധർമിണി താങ്കളേക്കാൾ സമ്പന്നയാണെന്നതിന്റെ പേരിൽ അവളുടെ ചെലവുകൾ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നയാളാണോ താങ്കൾ? എങ്കിൽ, ഏത് സാഹചര്യത്തിലും സ്ത്രീയുടെ സംരക്ഷണബാധ്യത പുരുഷന്മാർക്കാണെന്ന ഇസ്‌ലാമിക പാഠം ഓർക്കുക.

- താങ്കളുടെ വിശ്വാസം പൂർണമാക്കാൻ താങ്കൾക്ക് ആഗ്രഹമുണ്ടോ? എങ്കിൽ ഈ പ്രവാചക വചനം ശ്രദ്ധിക്കുക: "സത്യവിശ്വാസികളിൽ പൂർണത നേടിയവർ അവരിൽ ഏറ്റവും ഉത്തമമായ സ്വഭാവമുള്ളവരാണ്. നിങ്ങളിൽ ഏറ്റവും നല്ലവർ സ്വന്തം കുടുംബത്തോട് ഏറ്റവും നന്നായി വർത്തിക്കുന്നവരും."

- വീട്ടിൽ എപ്പോഴും ഗൗരവക്കാരനാണോ താങ്കൾ? എങ്കിൽ ഭാര്യമാരുമായി തനിച്ചായാൽ ധാരാളം ചിരിക്കുന്ന സൗമ്യനായ വ്യക്തിയായിരുന്നു പ്രവാചകനെന്നറിയുക. അദ്ദേഹത്തിന്റെ കാലിൽ ചവിട്ടിക്കയറിയാണ് പത്നിമാർ ഒട്ടകപ്പുറത്ത് കയറിയിരുന്നതെന്നോർക്കുക.

## ഭർത്താവിനോടുള്ള പെരുമാറ്റം

- ഭർത്താവിനോട് എങ്ങനെ പെരുമാറണമെന്നറിയാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? എങ്കിൽ ഈ നബി വചനം ശ്രദ്ധിക്കുക: "ഭർത്താവാണ് നിന്റെ സ്വർഗവും നരകവും."

- സ്വർഗാവകാശിയായ ഭാര്യയായി മാറണമെന്ന് കൊതിക്കുന്നുണ്ടോ നിങ്ങൾ? പ്രവാചകൻ പറയുന്നു: "ജീവിതസഖാവിന്റെ സംതൃപ്തി നേടി മരണമടയുന്ന സ്ത്രീ സ്വർഗാവകാശിയാണ്." മറ്റൊരു നബിവചനം: "സ്ത്രീ അഞ്ചു സമയത്തെ നമസ്കാരം നിർവഹിക്കുകയും റമദാനിലെ വ്രതമനുഷ്ഠിക്കുകയും ഗുഹ്യസ്ഥാനം സൂക്ഷിക്കുകയും ഭർത്താവിനെ അനുസരിക്കുകയുമാണെങ്കിൽ ഇഷ്ടമുള്ള കവാടത്തിലൂടെ സ്വർഗത്തിൽ കടന്നുകൊള്ളാൻ അവളോട് പറയപ്പെടും."



- ഐഛികവ്രതം പോലും ഭർത്താവിന്റെ അനുമതിയില്ലാതെ അനുഷ്ഠിക്കരുതെന്നറിയുമോ? പ്രവാചകൻ (സ) പറയുന്നു: "ഭർത്താവിന്റെ അനുവാദമില്ലാതെ അയാളുടെ സാന്നിധ്യത്തിൽ സ്ത്രീ നോമ്പെടുക്കരുത്; റമദാനിലല്ലാതെ."

- സ്ത്രീകളിൽ ഏറ്റവും ശ്രേഷ്ഠയാകാൻ താൽപര്യമുണ്ടോ? എങ്കിൽ ഈ ഖുർആനിക വചനം ശ്രദ്ധിക്കുക. "ഉത്തമവനിതകൾ അനുസരണസ്വഭാവമുള്ളവരും രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ്." പ്രവാചകൻ പറയുന്നു: "ഭർത്താവ് കൽപിച്ചാൽ അനുസരിക്കുകയും നോക്കിയാൽ കൗതുകമുണർത്തുകയും ചെയ്യുന്നവളാണ് ശ്രേഷ്ഠയായ സ്ത്രീ."

- നിങ്ങൾക്ക് ഏറ്റവും കൂടുതൽ ബാധ്യത ആരോടാണെന്നറിയുമോ? ആഇശ(റ) ഒരിക്കൽ പ്രവാചകനോട് അന്വേഷിച്ചു, സ്ത്രീക്ക് ഏറ്റവും കൂടുതൽ കടപ്പാട് ആരോടാണെന്ന്. പ്രവാചകൻ പറഞ്ഞു: "ഭർത്താവിനോട്."

- സദ്‌വൃത്തയായ സ്ത്രീയുടെ സവിശേഷതകൾ അറിയണമോ? "നീ അവളെ നോക്കിയാൽ നിന്നെ അവൾ സന്തുഷ്ടനാക്കും. കൽപിച്ചാൽ അനുസരിക്കും. നീ അവളിൽ നിന്ന് അപ്രത്യക്ഷനായാൽ നിന്റെ സ്വത്തിലും സ്വന്തം ശരീരത്തിലും അവൾ നിന്നെ സൂക്ഷിക്കും."

## മക്കളോടുള്ള പെരുമാറ്റം

-മക്കളെ സ്നേഹിക്കുകയും അവരോട് കരുണ കാണിക്കുകയും ചെയ്യുന്ന കൂട്ടത്തിലാണോ താങ്കൾ?

- കൊച്ചു കുട്ടി അടുത്തുള്ളപ്പോൾ നിങ്ങളും കുട്ടിയെ പോലെ പെരുമാറുകയെന്ന പ്രവാചക വചനം പാലിക്കാറുണ്ടോ?

-സന്താനങ്ങൾക്ക് ചെറുപ്പം മുതലേ സൽപെരുമാറ്റം ശീലിപ്പിക്കുന്നതിൽ ശ്രദ്ധവെക്കാറുണ്ടോ?

- മക്കൾക്കിടയിൽ, പ്രത്യേകിച്ച് പെൺകുട്ടികളോട് വിവേചനം കാണിക്കാറുണ്ടോ? "നിങ്ങൾ മക്കൾക്കിടയിൽ ദാനത്തിൽ നീതി പുലർത്തുക. ഞാൻ ആർക്കെങ്കിലും പ്രത്യേകത കൽപിക്കുന്നവനായിരുന്നെങ്കിൽ സ്ത്രീകൾക്ക് മുൻഗണന നൽകുമായിരുന്നു" എന്ന പ്രവാചക വചനം ശ്രദ്ധിച്ചിട്ടുണ്ടോ?

- മൂന്ന് പെൺമക്കളോ സഹോദരിമാരോ കാരണമായി



പ്രാരാബ്ധമനുഭവിക്കുന്നതിന് പ്രതിഫലമായി സ്വർഗം ലഭിക്കുമെന്ന പ്രവാചക വചനം പ്രചോദനമാകാറുണ്ടോ?

- മക്കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലെ ശ്രദ്ധയും താൽപര്യവും അവരുടെ സംസ്കരണത്തിലും ശിക്ഷണത്തിലും കാണിക്കാറുണ്ടോ?

- "നിങ്ങളുടെ മക്കളിലും ഇണകളിലും നിങ്ങൾക്ക് ശത്രുക്കളുണ്ട്" എന്ന അല്ലാഹുവിന്റെ വചനം ശ്രദ്ധിച്ചുകൊണ്ട്


അവരെ താങ്കളോടൊപ്പം സ്വർഗത്തിൽ പ്രവേശിക്കുന്നവരാക്കി മാറ്റാൻ ഉത്തരവാദിത്വത്തോടെ പെരുമാറാൻ ശ്രദ്ധിക്കാറുണ്ടോ?

– "നിങ്ങളെല്ലാവരും ഭരണാധികാരികളാണ്, നിങ്ങൾക്ക് കീഴിലുള്ളവരെക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും എന്ന പ്രവാചകന്റെ താക്കീത് കുടുംബാംഗങ്ങളെ നേർവഴിക്ക് നയിക്കാൻ പ്രചോദനമാകാറുണ്ടോ?

## അടുത്ത ബന്ധുക്കളോടുള്ള പെരുമാറ്റം

–അടുത്ത ബന്ധുക്കളോടുള്ള ഇസ്‌ലാമിക ബാധ്യതകളെക്കുറിച്ച് ബോധവാന്മാരാണോ താങ്കൾ? ഇല്ലെങ്കിൽ ഈ ഖുർആനിക വചനം ശ്രദ്ധിക്കുക: "അല്ലാഹുവിന്റെ നിയമനുസരിച്ച് രക്തബന്ധമുള്ളവർ അന്യോന്യം കൂടുതൽ അടുത്തവരാകുന്നു." മറ്റൊരു വചനം: "ആരെ മുൻനിർത്തി നിങ്ങൾ അന്യോന്യം അവകാശങ്ങളും ആനുകൂല്യങ്ങളും ചോദിക്കുന്നുവോ അതേ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും സൂക്ഷിക്കുക. അല്ലാഹു നിങ്ങളെ നിരീക്ഷിക്കുന്നുണ്ട്, തീർച്ച!"

– അല്ലാഹു ശപിച്ചവരിൽ ഉൾപ്പെടാതിരിക്കണമോ? എങ്കിൽ കുടുംബബന്ധം ചേർക്കുക. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് അധികാരം ലഭിച്ചാൽ ഇതേ മനഃസ്ഥിതിയോടെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും കുടുംബബന്ധം മുറിച്ചുകളയുകയും ചെയ്യുകയോ? അത്തരക്കാരെയാണ് അല്ലാഹു ശപിച്ചത്. അങ്ങനെ അവനവരെ അന്ധരും ബധിരരുമാക്കുകയും ചെയ്തിരിക്കുന്നു."



– പരലോകത്ത് ഏറ്റവും വേഗം പ്രതിഫലം ലഭിക്കുക കുടുംബബന്ധം ചേർക്കുന്നതിനും ദാനം നൽകുന്നതിനുമാണെന്നറിയുമോ? ഏറ്റവും വേഗം ശിക്ഷ കിട്ടുക കുടുംബബന്ധം മുറിക്കുന്നതിനും അക്രമത്തിനുമാണെന്നതിനെക്കുറിച്ച് ബോധവാനാണോ താങ്കൾ?

– കുടുംബ ബന്ധം മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന പ്രവാചക വചനം ശ്രദ്ധിച്ചിട്ടുണ്ടോ?

– അടുത്ത ബന്ധുക്കൾക്ക് ദാനം നൽകണമെന്ന ഖുർആനിക ആഹ്വാനം ജീവിതത്തിൽ എത്രമാത്രം പ്രാവർത്തികമാക്കിയിട്ടുണ്ട്?

– കുടുംബബന്ധം മുറിക്കുന്നവന് ഐഹികജീവിതത്തിൽ അനുഗ്രഹം ലഭിക്കില്ലെന്നും അയാളുടെ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയില്ലെന്നുമുള്ള പ്രവാചക പാഠം അറിയുമോ? ■

tajaluva@gmail.com